**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1160** **05-03-2020 ൽ മറുപടിക്ക്**

**കോവളം മണ്ഡലത്തിൽ തീരദേശ പട്ടയങ്ങൾക്കുള്ള അപേക്ഷകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ് : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കോവളം നിയോജകമണ്ഡലത്തിൽ തീരദേശ പട്ടയങ്ങൾക്കുള്ള എത്ര അപേക്ഷകളാണ് എല്ലാ നടപടികളും പൂർത്തിയാക്കി സർക്കാർ തീരുമാനത്തിനായി കാത്തിരിക്കുന്നത്; പ്രസ്തുത പട്ടയങ്ങൾ എന്നത്തേക്ക് നൽകുവാൻ കഴിയും; വിശദാംശം നൽകാമോ; | (എ) നെയ്യാറ്റിൻകര താലൂക്ക് പരിധിയിൽ കോവളം നിയോജക മണ്ഡലത്തിൽ നിന്നും 307 അപേക്ഷകളാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കി സർക്കാർ അംഗീകാരത്തിനായി നൽകിയിട്ടുള്ളത്. |
| (ബി) തീരദേശ പട്ടയങ്ങൾക്കുള്ള എത്ര ഫയലുകൾ ജില്ലാ കളക്ടറേറ്റിൽ പെന്റിംഗ് ഉണ്ടെന്നും കോവളം മണ്ഡലത്തിൽ ഓരോ തീരദേശ വില്ലേജിലും തീർപ്പാക്കാത്ത തീരദേശ പട്ടയ അപേക്ഷകൾ എത്ര വീതമെന്നും താലൂക്കിൽ എത്ര ഫയലുകൾ പെന്റിംഗ് ഉണ്ടെന്നും വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (ബി) തീരദേശപട്ടയങ്ങൾക്കുള്ള സർക്കാരിൽ നൽകിയിട്ടുള്ള 307 ഫയലുകൾ ആണ് കളക്ടറേറ്റിൽ പെന്റിംഗ് ആയിട്ടുള്ളത്.<br>കോവളം മണ്ഡലത്തിലെ അപേക്ഷകളുടെ പെന്റിംഗ് വിവരം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം | വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കോട്ടുകാൽ | 247 |
| 2 | വിഴിഞ്ഞം | 156 |
| 3 | കരുകുളം | 502 |
| 4 | പൂവാർ | 57 |
| | **ആകെ** | **962** |

| ചോദ്യം | മറുപടി |
|---|---|
| (സി) പ്രസ്തുത അപേക്ഷകർക്ക് എന്നേക്ക് പട്ടയം നൽകാനാകും എന്ന് വ്യക്തമാക്കാമോ; | (സി) പ്രസ്തുത അപേക്ഷകർക്ക് പട്ടയം നൽകുന്ന കാര്യം സർക്കാർ പരിശോധനയിലാണ്. |
| (ഡി) പ്രസ്തുത തീരദേശ പട്ടയ അപേക്ഷകൾ നൽകിയിട്ട് നാല് വർഷത്തോളമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഉണ്ട്. |

| | | |
|---|---|---|
| (ഇ) | കോവളം നിയോജക മണ്ഡലത്തിൽ അൺസർവ്വെയ്ഡ് ലാന്റിൽ താമസിക്കുന്ന എത്ര പേരാണ് പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ളത്; പ്രസ്തുത ഭൂമി സർവ്വേ ചെയ്ത് അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ? | (ഇ) കോവളം നിയോജക മണ്ഡലത്തിൽ അൺസർവ്വെയ്ഡ് ലാന്റിൽ താമസിക്കുന്ന പട്ടയത്തിന് അപേക്ഷ നൽകിയിട്ടുള്ളവരുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം | വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കോട്ടുകാൽ | 101 |
| 2 | വിഴിഞ്ഞം | 11 |
| 3 | കരുകുളം | 68 |
| 4 | പൂവാർ | 73 |
| | **ആകെ** | **253** |

സർവ്വെ ആന്റ് ബൗണ്ടറീസ് ആക്റ്റ് പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**